REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-09-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും.**
- **GST നിരക്കുകൾ കുറച്ചത് ചരിത്രപരമായ തീരുമാനമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **GST പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് കേന്ദ്രഗവൺമെന്റ് ഉറപ്പാക്കണമെന്ന് മന്ത്രി KN ബാലഗോപാൽ.**
- **നാളെ തിരുവോണം. ഓണാഘോഷത്തിന് ലോകമെങ്ങും മലയാളികൾ ഒരുങ്ങി.**
- **ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ, ഇന്ന് മലേഷ്യയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ ശക്തവും ബഹുമുഖവുമായ സഹകരണം ഇരുനേതാക്കളും അവലോകനം ചെയ്യും. സിംഗപ്പൂർ പ്രധാനമന്ത്രി രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും സന്ദർശിക്കും. കാബിനറ്റ് മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും ഉൾപ്പെടെ പ്രതിനിധി സംഘവും വോങിനൊപ്പമുണ്ട്.

✪✪✪

GST നിരക്കുകൾ കുറച്ചത് ചരിത്രപരമായ തീരുമാനമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഇത് പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും,

കർഷകർക്കും, ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും, സ്ത്രീകൾക്കും യുവാക്കൾക്കും വലിയ ആശ്വാസം നൽകുമെന്നും അദ്ദേഹം എക്സിൽ കുറിച്ചു.

സംവിധാനം ലളിതമാക്കുകയും സാധാരണ പൗരന്മാരുടെ നികുതി ഭാരം കുറയ്ക്കുകയും ചെയ്യുന്നതിലൂടെ, ഈ പരിഷ്കാരങ്ങൾ ജീവിത സൗകര്യം ഉറപ്പാക്കുക മാത്രമല്ല, ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പത്തിന് വലിയ ഉത്തേജനം നൽകുകയും ചെയ്യുമെന്നും അമിത്ഷാ പറഞ്ഞു.

✪✪✪

GST പരിഷ്കരണ നടപടികളെ രാജ്യത്തെ വ്യവസായ സംഘടനകൾ സ്വാഗതം ചെയ്തു. നികുതി ഘടന ലളിതമാക്കുന്നത് ബിസിനസ് എളുപ്പമാക്കുമെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി - C I I വിലയിരുത്തി.

✪✪✪

GST പരിഷ്ക്കാരങ്ങളും, നികുതി നിരക്കുകളുടെ പുനർ സംഘടനയും ചരിത്രപരവും, വിപ്ലവകരവുമാണെന്ന് കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് - CAIT - വിശേഷിപ്പിച്ചു. പരിഷ്ക്കാരങ്ങൾ ചെറുകിട വ്യാപാരികൾക്കും, ഉപഭോക്താക്കൾക്കും, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്കും ഗുണം ചെയ്യുമെന്ന് അവർ അറിയിച്ചു. നികുതിഘടന ലളിതമാക്കുന്നത് ഉപഭോഗം ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് CAIT സെക്രട്ടറി ജനറൽ പ്രവീൺ ഖണ്ഡേൽ വാൾ പറഞ്ഞു.

✪✪✪

GST ഇളവുകൾ പ്രഖ്യാപിച്ചതോടെ ഓഹരി വിപണിയിൽ മികച്ച നേട്ടം. സെൻസെക്സ് 554 പോയിന്റ് ഉയർന്ന് 81,122 ലും, നിഫ്റ്റി 159 പോയിന്റ് ഉയർന്ന് 24,874 ലും എത്തി.

✪✪✪

GST പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് കിട്ടുമെന്ന് കേന്ദ്രഗവൺമെന്റ് ഉറപ്പാക്കണമെന്ന് മന്ത്രി KN ബാലഗോപാൽ ആവശ്യപ്പെട്ടു. GST പരിഷ്ക്കരണത്തെപ്പറ്റി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. GST കുറയ്ക്കുന്ന സാഹചര്യത്തിൽ കമ്പനികൾ ഉത്പന്നങ്ങൾക്ക് വിലകൂട്ടാൻ സാധ്യതയുണ്ടെന്ന സാഹചര്യം മുൻകൂട്ടി കണ്ട് നിയന്ത്രണ നടപടികൾ സ്വീകരിക്കണം. സംസ്ഥാനങ്ങൾക്കെല്ലാം തന്നെ GST നിരക്ക് കുറച്ചത് സാമ്പത്തിക നഷ്ടത്തിന് ഇട വരുത്തുമെന്നും അത് മറികടക്കാനാവശ്യമായ നടപടികൾ കേന്ദ്രത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നും ബാലഗോപാൽ നിർദ്ദേശിച്ചു.

✪✪✪

രാജ്യത്തെ അംഗൻവാടി കേന്ദ്രങ്ങൾ സ്കൂളുകളുമായി സംയോജിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ന്യൂഡൽഹി യിലെ വിജ്ഞാൻ ഭവനിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനും കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവിയും ചേർന്ന് പുറത്തിറക്കി.

മാർഗ നിർദേശങ്ങൾ അമ്മയുടേയും കുഞ്ഞിന്റേയും പരിചരണം ഉറപ്പാക്കുകയും, ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി പഠനത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് ധർമ്മേന്ദ്രപ്രധാൻ പറഞ്ഞു.

✪✪✪

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, സംസ്ഥാനങ്ങളിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുമെന്ന് UPSC ചെയർമാൻ അജയ് കുമാർ പറഞ്ഞു. 27 സംസ്ഥാന PSC കളുടെ ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും വെർച്വൽ മീറ്റിംഗിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

കേന്ദ്ര ഗവൺമെന്റിന് കീഴിൽ വിവിധ തസ്തികകളിലേക്ക് നിയമനം വാഗ്ദാനം ചെയ്ത് പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയുടെ പേരിൽ വ്യാജ വെബ്സൈറ്റ് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നതായി PIB ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഈ വെബ്സൈറ്റിന് തൊഴിൽ മന്ത്രാലയവുമായി യാതൊരു ബന്ധവുമില്ലെന്നും ഇത്തരം പോർട്ടലുകൾ വഴി വ്യക്തിഗത വിവരങ്ങൾ പങ്കിടുകയോ, അവരുമായി ഇടപഴ കുകയോ, പണമടയ്ക്കുകയോ ചെയ്യരുതെന്ന് തൊഴിൽ മന്ത്രാലയം മുന്നറിയിപ്പ് നൽകി.

✪✪✪

ഇന്ത്യ - അമേരിക്ക സംയുക്ത സൈനികാഭ്യാസം 'യുദ്ധ് അഭ്യാസ് 2025' US ലെ അലാസ്കയിൽ തുടങ്ങി. അടുത്ത രണ്ടാഴ്ച ഇരു രാജ്യങ്ങളിൽ നിന്നും 450 വീതം സൈനികർ അഭ്യാസത്തിൽ പങ്കെടുക്കും. ഫീൽഡ് ആൻഡ് കമാൻഡ് പോസ്റ്റ് എക്സർസൈസുകളും പ്രത്യേക യോഗങ്ങളും ഈ സമയത്ത് നടക്കും.

✪✪✪

നാളെ തിരുവോണം. ഉള്ളുകൊണ്ടും ഉള്ളതു കൊണ്ടും ഓണത്തെ ആഘോഷമാക്കാൻ മലയാളികൾ ഒരുങ്ങി.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

സദ്യവട്ടമൊരുക്കാൻ സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതിന് സംസ്ഥാനത്തെ കടകമ്പോളങ്ങളിൽ വൻതിരക്കാണ്. മലബാറിൽ പലയിടങ്ങളിലും ഇടവിട്ടു പെയ്യുന്ന മഴ ഉത്രാടതിരക്കിന്റെ പൊലിമയിൽ നനവ് പടർത്തുന്നുണ്ടെങ്കിലും, ഓണവിപണി സജീവം. കോഴിക്കോട് മിഠായിത്തെരുവിലും, പാളയം മാർക്കറ്റിലും പരിസര നഗര പ്രദേശങ്ങളിലും തെരുവുകച്ചവടം തകൃതിയായി തുടരുന്നുണ്ട്. ഓഫറുകളുടെ പെരുമഴ പെയ്യിച്ച് വൻകിട - ചെറുകിട ബിസിനസ് സ്ഥാപനങ്ങൾ ആവശ്യക്കാരെ മാടിവിളിക്കുകയാണ്. തൊടിയിലെ തുമ്പയും, വയലേലകളിലെ കാക്കപ്പൂവും പലയിടങ്ങളിൽ നിന്നും അപ്രത്യക്ഷമായെങ്കിലും അന്യദേശ പൂക്കളും, കച്ചവടക്കാരും വിപണി കീഴടക്കിക്കൊണ്ടിരിക്കുന്നു.

കണക്കൂകൂട്ടലുകളിൽ നിന്നൂർന്നു പോയത് വാങ്ങാനും, അവസാന നിമിഷങ്ങളിലെ പുതിയ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കാനും നെട്ടോട്ടമോടുന്ന സാധാരണക്കാർക്ക് ഇത് ഉത്രാടപ്പാച്ചിലാണ്. ഇന്നും നാളെയും ഓണപ്പൊട്ടൻമാരുടെ മണികിലുക്കമായിരിക്കും മലബാറിന്റെ പതിവു വിശേഷം.

✪✪✪

ഉത്രാടദിനമായ ഇന്ന്, സപ്ലൈകോയിൽ തിരഞ്ഞെടുത്ത സബ്സിഡി ഇതര സാധനങ്ങൾക്ക്, 10 ശതമാനം വരെ വിലക്കുറവ് ലഭിക്കും. ഓണത്തോട് അനുബന്ധിച്ച് സപ്ലൈകോ നൽകുന്ന ഓഫറിനും വിലക്കുറവിനും പുറമേയാണിത്.

അരി, എണ്ണ, സോപ്പ്, നെയ്യ്, ഡിറ്റർജെന്റുകൾ, ശബരി ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്ക് അധിക വിലക്കുറവ് ലഭ്യമാണ്.

✪✪✪

തിരുവനന്തപുരത്ത് സംസ്ഥാന തലത്തിൽ ഇന്നലെ ആരംഭിച്ച ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ ഒൻപതു വരെ തുടരും. തിരുവനന്തപുരത്ത് 33 വേദികളിലായി പതിനായിരത്തോളം കലാകാരൻമാരാണ് ഇത്തവണത്തെ ഓണാഘോഷ പരിപാടികളുടെ ഭാഗമാകുന്നത്. പരമ്പരാഗത കലാരൂപങ്ങൾക്കൊപ്പം ആധുനീക ദൃശ്യ, സംഗീത പരിപാടികളും അരങ്ങേറും. മൂന്നു ദിവസങ്ങളിൽ ഡ്രോൺ ഷോയും ഉണ്ടാകും.

ഓണം വാരാഘോഷത്തിനു സമാപനം കുറിച്ച് ഒൻപതാം തീയതി വൈകിട്ട് മാനവീയം വീഥിയിൽ നിന്ന് കിഴക്കേ കോട്ട വരെ ഘോഷയാത്ര നടത്തും.

✪✪✪

പൊലീസ് സ്റ്റേഷനുകളിലെ CC-TV ക്യാമറകളുടെ കാര്യക്ഷമതയില്ലായ്മയിൽ സുപ്രീം കോടതി രണ്ടംഗ ഡിവിഷൻ ബെഞ്ച് സ്വമേധയാ കേസെടുത്തു. ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ചാണ് വിഷയം പരിഗണിച്ചത്.

കഴിഞ്ഞ എട്ട് മാസത്തിനിടെ പൊലീസ് കസ്റ്റഡിയിൽ 11 പേർ മരിച്ചുവെന്ന മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടി.

പൊലീസ് സ്റ്റേഷനുകളിൽ CC TV സ്ഥാപിക്കണമെന്ന് 2020 ഡിസംബറിൽ സുപ്രീം കോടതി എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകിയിരുന്നു. എന്നാൽ, പലയിടത്തും ഈ ഉത്തരവ് ഇപ്പോഴും പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ലെന്നും, പല ക്യാമറകളും പ്രവർത്തനരഹിതമാണെന്നും കോടതി നിരീക്ഷിച്ചു.

✪✪✪

അഞ്ചു വർഷത്തിനിടെ സംസ്ഥാനത്തെ പ്രൊഫഷണൽ യോഗ്യത നേടിയവരുടെ ടാലന്റ് പൂൾ 172 ശതമാനം വളർച്ച കൈവരിച്ചതായി മന്ത്രി P രാജീവ് അറിയിച്ചു. സോഫ്റ്റ്‌വെയർ എൻജിനീയർമാർ, അക്കൗണ്ടന്റ്, അധ്യാപകർ എന്നീ മേഖലകളിലാണ് കൂടുതൽ പേരും പ്രവർത്തിക്കുന്നതെന്നും ടാലന്റ് പൂളിൽ 37 ശതമാനം വനിതകളാണെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. സംസ്ഥാനത്ത് നിക്ഷേപക സൗഹൃദ അന്തരീക്ഷം വളർന്നുവരുന്നതിനാൽ വൻകിട കമ്പനികൾ കടന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായി വിദേശത്ത് ജോലി ചെയ്തുകൊണ്ടിരിക്കുന്ന മലയാളികളായ സാങ്കേതിക വിദഗ്ധരും മറ്റും സംസ്ഥാനത്തേക്കു തന്നെ തിരിച്ചുവരികയാണെന്നും P രാജീവ് പറഞ്ഞു.

✪✪✪

ചെന്നൈ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷനിലെ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ, ശാലിനി മേദിപ്പള്ളി മന്ത്രി GR അനിലിനെ സന്ദർശിച്ച് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ കുറിച്ച് ചർച്ച നടത്തി. ഉത്സവ ആഘോഷ സമയങ്ങളിലും അല്ലാത്തപ്പോഴും സപ്ലൈകോ വഴി നടത്തുന്ന വിപണി ഇടപെടൽ പ്രവർത്തനങ്ങൾ മന്ത്രി വിശദീകരിച്ചു.

ദരിദ്ര ദുർബല ജന വിഭാഗങ്ങൾക്ക് കൊടുക്കുന്ന പ്രത്യേക പരിഗണന, സഞ്ചരിക്കുന്ന റേഷൻകടകൾ, K സ്റ്റോർ പദ്ധതി, കിടപ്പ് രോഗികൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹായത്തോടെ റേഷൻ വിഹിതം എത്തിച്ചു

നൽകുന്ന 'ഒപ്പം ' പദ്ധതിയെക്കുറിച്ചു മന്ത്രി ശാലിനി മേദിപ്പള്ളിയ്ക്ക് വിശദമാക്കി.

✪✪✪

കുന്ദംകുളത്ത് യൂത്ത് കോൺഗ്രസ് നേതാവിനെ ക്രൂരമായി മർദ്ദിച്ച പൊലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിന്ന് പുറത്താക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. ഇതിന് തയ്യാറായില്ലെങ്കിൽ UDF ഏതറ്റം വരെയും പോകുമെന്ന് സതീശൻ മാധ്യമങ്ങളോടു പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘമാണ് സംസ്ഥാനത്തെ പൊലീസ് സേനയെ നിയന്ത്രിക്കുന്നതെന്നും ക്രിമിനലുകളായ പൊലീസ് ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും സതീശൻ പറഞ്ഞു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ലൈംഗിക ആരോപണ വിവാദത്തിൽ ക്രൈംബ്രാഞ്ച് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ FIR സമർപ്പിച്ചു. അഞ്ച് പേരുടെ പരാതികളിലാണ് FIR തയ്യാറാക്കിയത്. സ്ത്രീകളെ സാമൂഹ്യ മാധ്യമത്തിൽ പിന്തുടർന്ന് ശല്യം ചെയ്തെന്ന് FIR പറയുന്നു. ഗർഭച്ഛിദ്രത്തിന് നിർബന്ധിച്ച് സന്ദേശം അയച്ചെന്നും, ഫോണിൽ സ്ത്രീകളെ ഭീഷണിപ്പെടുത്തിയെന്നും FIR ലുണ്ട് .

✪✪✪

കൊല്ലം ഓച്ചിറയിൽ KSRTC ഫാസ്റ്റ് പാസഞ്ചർ ബസും ജീപ്പും കൂട്ടിയിടിച്ച് മൂന്ന് പേർ മരിച്ചു. SUV ജീപ്പ് പൂർണമായും തകർന്നു. രാവിലെ ആറ് മണിയോടെയായിരുന്നു ചേർത്തലയ്ക്കു പോയ ഫാസ്റ്റ് പാസഞ്ചർ ബസും എതിർദിശയിൽ നിന്നു വന്ന ജീപ്പും ദേശീയ പാതയിൽ കൂട്ടിയിടിച്ചത്. ബസിന്റെ മുൻഭാഗവും തകർന്നു. ജീപ്പിലുണ്ടായിരുന്ന തേവലക്കര സ്വദേശികളായ പ്രിൻസ്, മക്കളായ അതുൽ, അൽക്ക എന്നിവരാണ് മരിച്ചത്. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും വീട്ടിലേക്ക് മടങ്ങും വഴിയാണ് അപകടം സംഭവിച്ചത്. പ്രിൻസിന്റെ ഭാര്യക്കും, മകൾക്കും പരിക്കുണ്ട്. ജീപ്പ് വെട്ടിപൊളിച്ചാണ് അപകടത്തിൽ പെട്ടവരെ പുറത്തെടുത്തത്.

ജീപ്പോടിച്ചിരുന്നയാൾ ഉറങ്ങിപോയതാകാം അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം. പൊലീസും ഫയർഫോഴ്സും സംഭവസ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. ഏതാനും KSRTC യാത്രക്കാർക്കും പരിക്കേറ്റു.

✪✪✪

കണ്ണൂർ മാതമംഗലത്തിനടുത്ത് എരമം പെരുന്തട്ടയിൽ ബൈക്ക് അപകടത്തിൽ രണ്ടു പേർ മരിച്ചു. എരമം ഉള്ളൂർ സ്വദേശി രതീഷ്, വിജയൻ എന്നിവരാണ് മരിച്ചത്.

✪✪✪

കോഴിക്കോട് എലത്തൂർ കോരപ്പുഴ പാലത്തിന് സമീപം ടൂറിസ്റ്റ് ബസും പിക്കപ്പ് ലോറിയും കൂട്ടിയിടിച്ച് പിക്കപ്പിലുണ്ടായിരുന്ന രണ്ട്  പേർക്ക് പരുക്കേറ്റു. ഒരാളുടെ പരുക്ക് ഗുരുതരമാണ്- ഇയാളെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറത്തെ പത്ത് വയസ്സുകാരനാണ് ചികിൽസയിൽ കഴിയുന്നത്. നിലവിൽ 4 കുട്ടികൾ ചികിൽസയിലുണ്ട്. ഗുരുതരാവസ്ഥയിൽ രണ്ട് മുതിർന്നവരും ചികിത്സയിലുണ്ട്.

✪✪✪

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് ഉത്സവബത്തയായി 7,000 രൂപ വീതവും, താൽക്കാലിക ജീവനക്കാർക്ക് പരമാവധി 3,500 രൂപയും അനുവദിക്കുമെന്ന് ബോർഡ് പ്രസിഡന്റ് OK വാസു മാസ്റ്റർ അറിയിച്ചു. ഉത്സവബത്തക്ക് തക്ക വരുമാനം ഇല്ലാത്ത ഗ്രേഡ് മൂന്ന്, ഗ്രേഡ് നാല് ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ആനുകൂല്യം നൽകും.

✪✪✪

ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പ് സൂപ്പർ 4 ഘട്ട മത്സരത്തിൽ ഇന്ത്യ, മലേഷ്യയെ നേരിടും.  ഇന്നലെ ഇന്ത്യ കൊറിയയെ തോൽപ്പിച്ചിരുന്നു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*